# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി1/663/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 31/03/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി1/663/2021 തീയ്യതി: 31/03/2021

## തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 08-03-2021 | 18-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-03-2021 | 18-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മേരി ആൻഡ്രൂസ് (ഓഡിറ്റ് ഓഫീസർ)
ശ്രീ ആർ.അനിൽകുമാർ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി അനിഷ.എസ്.ബി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ എസ്.രാജു (ഓഡിറ്റർ)
കുമാരി ആര്യ കൃഷ്ണൻ.കെ.ആർ (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജ്കുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ചന്ദ്രലാൽ വി.സി. | സെക്രട്ടറി | 01-04-2019 | 09-07-2019 |
| ശ്രീമതി പ്രീതി നാഥ് | സെക്രട്ടറി | 10-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാലചന്ദ്രൻ നായർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ബിജേഷ്.എസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ലിജ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.രോഷ്നി.സി | മെഡിക്കൽ ഓഫീസർ( ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.അഗസ്റ്റിന് എ.ജെ | മെഡിക്കൽ ഓഫീസർ( ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി.മഞ്ജുഷ.എ.എസ് | വി.ഇ.ഒ(എ.സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി.സ്മിതരാജ് | വി.ഇ.ഒ(ബി.സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീ.സുനിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.ശ്രീകുമാർ.എ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടര് | 01-04-2019 | 31-03-2020 |
| ശ്രീമതി.വിജയകുമാരി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.റീജ(എച്ച്.എം.ചാർജ്ജ്) | ഹെഡ്മാസ്റ്റർ | 01-04-2019 | 03-07-2019 |
| ശ്രീമതി.പ്രമീള.റ്റി | ഹെഡ്മാസ്റ്റർ | 04-07-2019 | 31-03-2020 |
| ശ്രീമതി അനിത എ.എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 18-08-2019 |
| ശ്രീമതി വിജയലക്ഷ്മി വി.എ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19-08-2019 | 16-11-2019 |
| ശ്രീമതി അനിത എ.എസ്. | ഐ.സി.ഡി.എസ് | 17-11-2019 | 28-11-2019 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി അനുബാല റ്റി.ഒ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 29-11-2019 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: ANISHA . S.B (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: ANISHA . S.B (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2 |
| 3 | ബാലൻസ് ഷീറ്റിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: ANISHA . S.B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-1 |
| 4 | അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ ബാങ്ക്/ട്രഷറി നീക്കിയിരുപ്പുകളുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-2 |
| 5 | രജിസ്റ്ററുകൾ ആധികാരികമാക്കുന്നില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-3 |
| 6 | ചെലവ് തുക തെറ്റായ ശീർഷകത്തിൽ എൻട്രി വരുത്തി<br>Written By: ANISHA . S.B (Senior Grade Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-4 |
| 7 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്<br>Written By: ANISHA . S.B (Senior Grade Auditor, On 09-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-5 |
| 8 | Stale Cheque വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-6 |
| 9 | പാസ് ബുക്ക്, ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Arya Krishnan A.R (Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2-7 |
| 10 | രസീത് പ്രകാരമുള്ള തുകയും കളക്ഷൻ രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Arya Krishnan A.R (Auditor, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-3 |
| 11 | രസീത് പ്രകാരമുള്ള തുകയും ഡി.സി.ബി രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുത്തില്ല.<br>Written By: Arya Krishnan A.R (Auditor, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-3-1 |
| 12 | ഗ്രാന്റ് വിനിയോഗം<br>Written By: ANISHA . S.B (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-4 |
| 13 | വികസന ഫണ്ടിൽ നിന്നും വകയിരുത്താത്ത തുക ചെലവഴിച്ചു<br>Written By: ANISHA . S.B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-4-1 |
| 14 | വികസന ഫണ്ട് -എ).സി.ആർ പ്രകാരമുള്ള തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-4-2 |
| 15 | റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.<br>Written By: ANISHA . S.B (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-5 |

| | | |
|---|---|---|
| 16 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: AnilKumar R (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-6 |
| 17 | തൊഴിലുറപ്പ് പദ്ധതി-വാർഷിക ധനകാര്യപത്രികയിലെ തുക ഇ.എഫ്.എം.എസ് തുകയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: AnilKumar R (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-6-1 |
| 18 | ക്ഷേമ പദ്ധതികൾ<br>Written By: ANISHA . S.B (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-7 |
| 19 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Raju. S (Auditor, On 27-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-8 |
| 20 | മിനിട്ട്സ് രേഖകൾ കൃത്യമായി തയ്യാറാക്കുന്നില്ല<br>Written By: Mary Andrews (Audit Officer, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-9 |
| 21 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി<br>Written By: Mary Andrews (Audit Officer, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-9-1 |
| 22 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി<br>Written By: Mary Andrews (Audit Officer, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-9-2 |
| 23 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി<br>Written By: Mary Andrews (Audit Officer, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-9-3 |
| 24 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി<br>Written By: Mary Andrews (Audit Officer, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-9-4 |
| 25 | ഇ-ടെൻഡർ ഫീസിനത്തിൽ ലഭ്യമായ തുക തിരികെ ഈടാക്കിയില്ല<br>Written By: AnilKumar R (Senior Grade Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-10 |
| 26 | വസ്തുനികുതി -ഡിമാന്റ് ചെയ്തതിൽ കുറവ്<br>Written By: ANISHA . S.B (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-11 |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-12 |
| 28 | സാംഖ്യ/ മാനവൽ രസീതുകളുടെ ക്യാൻസലേഷൻ<br>Written By: Arya Krishnan A.R (Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-13 |
| 29 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-14 |
| 30 | എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-15 |
| 31 | പാഥേയം-ഗുണഭോക്തൃ ലിസ്റ്റ് കാലികമാക്കിയിട്ടില്ല.<br>Written By: Raju. S (Auditor, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-16 |
| 32 | മിനിമം വേതനം നിഷേധിച്ചു - ഭരണസമിതി നടപടി അനിവാര്യം<br>Written By: Raju. S (Auditor, On 17-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-17 |
| 33 | ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നിർവഹിച്ച | 1-18 |

| | | |
|---|---|---|
| | മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ-അധികമായി നൽകിയ തുക തടസ്സപ്പെടുത്തുന്നു<br>Written By: AnilKumar R (Senior Grade Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | |
| 34 | പ്രീ പ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയം- പദ്ധതി സർക്കാർ അനുമതിയോടെ മാത്രംനടപ്പാക്കേണ്ടതാണ്.<br>Written By: ANISHA . S.B (Senior Grade Auditor, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-19 |
| 35 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഗുണഭോക്തൃസമിതി മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തി<br>Written By: AnilKumar R (Senior Grade Auditor, On 24-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-20 |
| 36 | ഓവർ ഹെഡ് ചാർജ്ജ് കുറവ് വരുത്തിയില്ല അധികമായി നൽകിയ തുക ഈടാക്കണം<br>Written By: AnilKumar R (Senior Grade Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-21 |
| 37 | നിക്ഷേപ പ്രവൃത്തികൾ- അപാകതകൾ<br>Written By: Raju. S (Auditor, On 24-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-22 |
| 38 | നിക്ഷേപപ്രവർത്തനങ്ങൾ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Raju. S (Auditor, On 24-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-22-1 |
| 39 | നിക്ഷേപപ്രവൃത്തികൾ-കരാർ ചമച്ചിട്ടില്ല.<br>Written By: Raju. S (Auditor, On 24-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-22-2 |
| 40 | ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് -രജിസ്ട്രേഷൻ നടത്തിയിട്ടില്ല.<br>Written By: Raju. S (Auditor, On 25-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-23 |
| 41 | ഐ.സി.ഡി.എസ് - അനിവാര്യപദ്ധതി നടപ്പാക്കിയില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-24 |
| 42 | ഹരിത ഭവനം- പദ്ധതി നടത്തിപ്പിലെ അപാകം<br>Written By: ANISHA . S.B (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-25 |
| 43 | നടപടികൾ സ്വീകരിക്കാത്ത മുൻ റിപ്പോർട്ട് പരാമർശങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഓവർ ഹെഡ് ചാർജ്ജ് കുറവ് വരുത്തിയില്ല അധികമായി നൽകിയ തുക ഈടാക്കണം<br>Written By: Mary Andrews (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: ANISHA . S.B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിവരം<br>Written By: ANISHA . S.B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-2 |
| 3 | | 4-3 |

| | | |
|---|---|---|
| | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: ANISHA . S.B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | |
| 4 | വായ്പ -വായ്പ തിരിച്ചടവ് വിവരങ്ങൾ<br>Written By: ANISHA . S.B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: ANISHA . S.B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arya Krishnan A.R (Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: ANISHA . S.B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: ANISHA . S.B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: ANISHA . S.B (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arya Krishnan A.R (Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ചെങ്കൽ ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ്, ഭരണസമിതിയുടെ 1.2.2019 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 334657740രൂപയും (പ്രാരംഭ ബാക്കി ഉൾപ്പെടെ),ചെലവ് 326122049 രൂപയും നീക്കിബാക്കി 8535691/- രൂപയുമാണ്. (പ്രസ്തുത തീയതിയിൽ പാസ്സാക്കിയ ബജറ്റിന്റെ അംഗീകരിച്ച പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.). ബജറ്റ് 1.7.2019, 25.1.2020 എന്നീ തീയതികളിൽ റിവൈസ് ചെയ്തിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 17.6.2020 | - | - |

### 1-2-1 ബാലൻസ് ഷീറ്റിലെ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന ബാദ്ധ്യത സംബന്ധിച്ച തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ( ഓഡിറ്റ്എൻക്വയറി 5)

| ശീർഷകം | തുക |
|---|---|
| 350400102- Refund Payable- Profession Tax/ Institution Professionals/Traders | 2450 |
| 350409901 Refund Payable Others | 495071 |
| Other Creditors | 211203 |
| Other Liabilities | 180077 |

### 1-2-2 അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ ബാങ്ക്/ട്രഷറി നീക്കിയിരുപ്പുകളുമായി പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ അവയുടെ ബാങ്ക് /ട്രഷറി നീക്കിയിരുപ്പുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | ബാലൻസ് ഷീറ്റ് B4 പ്രകാരമുള്ള ഗ്രാന്റ് തുക | സാംഖ്യ ലെഡ്ജർ പ്രകാരം നിക്ഷേപിച്ചിരിക്കുന്ന അക്കൗണ്ട് | ബാങ്ക് ബാലൻസ് |
|---|---|---|---|
| Centrally Sponsored Scheme -(ICDS) | 1233393 | ICICI Bank Central Share Account No | 904423 |
| Centrally Sponsored Scheme (MGNREGS) | 578881 | SBI MGNREGS | 579100 |

സ്ഥാപനത്തിന്റെ ബാദ്ധ്യതയായി ബാലൻസ് ഷീറ്റിൽ 7921071/- രൂപ അവശേഷിക്കുന്നുണ്ടെങ്കിലും (31.3.2020 വരെ) വിവിധ അക്കൗണ്ടുകളിലായി സ്ഥാപനത്തിന് 3020501/-രൂപയുടെ ബാങ്ക് ബാലൻസും 1000/- രൂപ ക്യാഷ് ബാലൻസുമാണുള്ളത്. അപാകത ഓഡിറ്റ് എൻക്വയറി 29 പ്രകാരം സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

NREGS അക്കൗണ്ടിൽ 219/-രൂപ മിഷൻ ഡയറക്ടർ (MGNREGS Fin/2019-20 /PFMS തീയതി 11.10.2019) തിരിച്ചടച്ചതായി എൻക്വയറി നം.29ന് 20.3.2021ന് ലഭ്യമാക്കിയ മറുപടി പ്രകാരം അറിയിച്ചുവെങ്കിലും തിരിച്ചടവ് വിവരങ്ങൾപരിശോധിക്കാൻ സാധിച്ചില്ല.

കേന്ദ്രാവിഷ്കൃത ഫണ്ട് (ഐ.സി.ഡി.എസ് )നിക്ഷേപിക്കുന്നതിലേക്കായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന് മുൻപ് നിലവിലുണ്ടായിരുന്ന ബാലൻസ് തുക ബി4 ൽ ഉൾപ്പെട്ടിട്ടുള്ളതിനാലാണ് വ്യത്യാസം വന്നതെന്ന് എൻക്വയറി 29 ന്

മറുപടിയായി അറിയിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത ഫണ്ട് (ഐ.സി.ഡി.എസ് ) ഇനത്തിൽ വന്ന ഗ്രാന്റ് തുക ഇതിലേക്കായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി 4 ൽ ബാദ്ധ്യതയായി ഉൾപ്പെട്ടിട്ടുള്ള തുകകളിൽ ബ്ലോക്ക് ഷെയർ 1835500/-, ജില്ലാ ഷെയർ 2050090/-, കുടുംബശ്രീ ഫണ്ട് 1250000/- എന്നിവ ചെലവായതായി അറിയിച്ചിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ ലെഡ്ജറിൽ നിന്നും ചെലവിന്റെ വിശദാംശങ്ങൾ പരിശോധിക്കാനായിട്ടില്ല. ചെലവ് വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-2-3 രജിസ്റ്ററുകൾ ആധികാരികമാക്കുന്നില്ല

എ) ചുവടെ പറയുന്ന രജിസ്റ്റർ പ്രകാരമുള്ള വരവുകൾ വാർഷിക ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | രജിസ്റ്റർപ്രകാരം |
|---|---|---|
| തൊഴിൽ നികുതി(ജീവനക്കാർ) | 1068181 | 2014170 |
| സ്ഥാപന തൊഴിൽ നികുതി | 3167500 (Current&Arrear) | 246200 |
| FACTEOS ലൈസൻസ് | 189500 | 185000 |

ഓഡിറ്റ് എൻക്വയറി 9 പ്രകാരം അപാകത സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്

ബി) വാടക രജിസ്റ്ററിൽ 2018-19 ലെ കുടിശ്ശിക വിവരങ്ങൾ, 2019-20 ലെ വരവ് വിവരങ്ങൾ, കുടിശ്ശിക വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക (RP) പ്രകാരമുള്ള വരവിന്റെ കൃത്യത ( Current 129081 + Arrear 69678) , I&E പ്രകാരമുള്ള 136708/-രൂപയുടെ ഡിമാന്റിന്റെ കൃത്യത, ബാലൻസ്ഷീറ്റ് പ്രകാരം ലഭിക്കാനുള്ള തുകയായ 470682/- രൂപയുടെ കൃത്യത എന്നിവ ബോദ്ധ്യപ്പെട്ടിട്ടില്ല. ഓഡിറ്റ് എൻക്വയറി 9 പ്രകാരം അപാകത സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-2-4 ചെലവ് തുക തെറ്റായ ശീർഷകത്തിൽ എൻട്രി വരുത്തി

ബഡ്സ് സ്കൂൾ ടീച്ചർക്കും ആയക്കും മാർച്ച് മാസത്തെ വേതന ഇനത്തിൽ നൽകിയ 15000/- രൂപ തെറ്റായി Expenses Related To Pandemic/Epidemic Control എന്ന ശീർഷകത്തിൽ എൻട്രി വരുത്തി. (ഓഡിറ്റ് എൻക്വയറി 18 )

## 1-2-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 29972862/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 30726361/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-2-6 Stale Cheque വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

B-9 ഷെഡ്യൂൾ പ്രകാരം 'Liability In Respect Of Stale Cheque' ഇനത്തിൽ 45,507/-രൂപ അവശേഷിക്കുന്നു. ആയതു വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.01/08.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-2-7 പാസ് ബുക്ക്, ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെൻറ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

1) RP-40(B) ഷെഡ്യൂളിൽ Canara Bank-Own Fund-E Pos (450210104) എന്ന അക്കൌണ്ടിലെ നീക്കിയിരിപ്പ് 20,084/- രൂപയാണ്. എന്നാൽ, ഈ അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരം 20,109/-രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെൻറ് ലഭ്യമാക്കാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2) SBI Other Funds (450410101) എന്ന അക്കൌണ്ടിന്റെ 07/08/2019 മുതൽ 31/03/2020 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയും ബാങ്കിലെ നീക്കിയിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

3) Co-Operative Bank- Own Fund-1 (450430101) എന്ന അക്കൌണ്ടിൽ 13,306/-രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണിച്ചിട്ടുണ്ട്.

ഈ അക്കൌണ്ടിന്റെ ബാങ്ക് ബുക്ക്, പാസ് ബുക്ക്, ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/16.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 രസീത് പ്രകാരമുള്ള തുകയും കളക്ഷൻ രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

രസീത് പ്രകാരം കളക്ഷൻ നടത്തുന്ന തുക അതാത് വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിൽ കളക്ഷനായി രേഖപ്പെടുത്തുന്നില്ല. ഇ.എം.ഡി രജിസ്റ്റർ, അദർ ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, റിടെൻഷൻ രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 43/18.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3-1 രസീത് പ്രകാരമുള്ള തുകയും ഡി.സി.ബി രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുത്തില്ല.

തൊഴിൽ നികുതി രണ്ടാം അർദ്ധ വർഷത്തിൽ ഗവ.വെറ്റിനറി ഡിസ്പെൻസറിയിൽ നിന്നും രസീത് നമ്പർ 119150103144/3.10.2019 പ്രകാരം 5450/- രൂപ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ദിവസത്തെ ഡേ ബുക്കിൽ തുകയുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് എ.സി.ആർ പ്രകാരം | കുറിപ്പ് (ക്യ ബിൽ) |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 17682519 | 17682519 | 16248244 | 1434275 | 1432991 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6805118 | 6805118 | 2649227 | 4155891 | 2402573 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 18231494 | 18231494 | 8281712 | 9949782 | 5209000 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 14569000 | 14569000 | 5343418 | 9225582 | 5306437 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 0 | 6888000 | 6888000 | 4479158 | 2408842 | 195832 |
| കേന്ദ്രാവിഷ്കൃത പദ്ധതി- ഐ.സി.ഡി.എസ് | 851966 | 1181427 | 2033393 | 800000 | 1233393 | - |
| ലിറ്ററസി സ്കീം ഗ്രാന്റ് | 13306 | 0 | 13306 | 0 | 13306 | -- |
| കേരളോത്സവം | 0 | 20000 | 20000 | 0 | 20000 ** | - |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 92464 | 1830657 | 1923121 | 1344021 | 579100* | - |

* ബാലൻസ് തുക ബാങ്ക് അക്കൗണ്ടിലെ ബാലൻസുമായി പൊരുത്തപ്പെടുന്നു . എന്നാൽ ബാലൻസ് ഷീറ്റ് ബി 4 മായി പൊരുത്തപ്പെടുന്നില്ല.

** സെക്രട്ടറി നിർവ്വഹിച്ച 9/2020 നമ്പർ പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും കേരളോത്സവത്തിനായി 60000/-രൂപ ചെലവഴിച്ചുവെങ്കിലും ബാദ്ധ്യത ഹെഡിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

## 1-4-1 വികസന ഫണ്ടിൽ നിന്നും വകയിരുത്താത്ത തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് | 126/20<br>ജാഗ്രത സമിതി |
| അടങ്കൽ | 50000(തനത് ഫണ്ട്) |
| ചെലവ് | 792/(വികസന ഫണ്ട്) |
| ബിൽ നമ്പർ | 5/23.3.2020 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ,സി,ഡി,എസ് |

മേൽ പദ്ധതി പ്രകാരം തുക വകയിരുത്തിയത് തനത് ഫണ്ടിൽ നിന്നാണ്. എന്നാൽ വികസന ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചത്. അപാകതയ്ക്ക നൽകിയ ഓഡിറ്റ് എൻക്വയറി 4 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പദ്ധതി രൂപീകരണ ഘട്ടത്തിൽ വികസന ഫണ്ടിൽ നിന്നും ആണ് തുക വകയിരുത്തിയതെന്നും, പദ്ധതി റിവിഷനിൽ തനത് ഫണ്ട് ആക്കി മാറ്റുകയാണുണ്ടായതെന്നും അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം ലഭിച്ചത് 18.3.2020 ന് ആണ്. അതിനു ശേഷം 2% ഫണ്ട് മാത്രമാണ് ചെലവഴിക്കാനായിട്ടുള്ളത്. കൊവിഡ് പ്രതിസന്ധിയെ തുടർന്ന് പദ്ധതി പണം ചെലവഴിക്കാൻ കഴിഞ്ഞില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. അപാകത ഓഡിറ്റ് എൻക്വയറി 29 മുഖാന്തിരം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഡി.പി.സി അംഗീകാരം വൈകിയത് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുന്നതിന് കാരണമായിട്ടുണ്ട്. പദ്ധതി രൂപീകരണം / റിവിഷൻ സമയബന്ധിതമായി നടത്തുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-4-2 വികസന ഫണ്ട് -എ.സി.ആർ പ്രകാരമുള്ള തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് (ജനറൽ) എ.സി.ആർ പ്രകാരമുള്ള ചെലവ് /നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | വരവ് | | ചെലവ് | | നീക്കിയിരിപ്പ് | |
|---|---|---|---|---|---|---|
| | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
| വികസനഫണ്ട് ( ജനറൽ) | 17682519 | 17682519 | 16248244 | 22334444 | 1434275 | -4651925 |

ഓഡിറ്റ്എൻക്വയറി 14 പ്രകാരം അപാകത സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-5 റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 1 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ ചെങ്കൽ ഗ്രാമ പഞ്ചായത്തിലെ 31 റേഷൻ കടകൾക്കും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി 37ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാനുള്ള തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി അവലോകനം

| | | | |
|---|---|---|---|
| 1 | 2019-20 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | | 219 |
| 2 | 2019-20 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | | 83 |
| 3 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | | 8608 |
| 4 | 2019-20 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | | |
| സ്ത്രീ | | പുരുഷൻ | ആകെ |
| 136584 | | 19182 | 155766 |
| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
| 18844 | 0 | 136922 | 155766 |
| 5 | 2019-20 വർഷത്തിൽ തൊഴിൽ ലഭ്യമായ | | 2914 |

| | | |
|---|---|---|
| | കുടുംബങ്ങളുടെ എണ്ണം | |
| 6 | 2019-20 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 296 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | ഇല്ല |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ വിതരണം ചെയ്ത വേതനം | 4,14,51834 |
| 9 | 2019-20 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | 54,06000 |
| 10 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | 2019-20 -ൽ പൂർത്തീകരിച്ചു |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | 26 | 1,17,44,960 |
| 2 | വരൾച്ച തടയൽ , വനവത്കരണം | 128 | 2,55,21,366 |
| 3 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 6 | 76,70,600 |
| 4 | വെള്ളപ്പൊക്ക നിയന്ത്രണം | 1 | 1,65,450 |
| 5 | നടപ്പാത | 1 | 98,010 |
| 6 | വ്യക്തിഗത ആസ്തികൾ | 57 | 16,57,130 |
| | ആകെ | 219 | 46857516 |

<u>തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് (വാർഷിക ധനകാര്യപത്രിക പ്രകാരം)</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 92464 | 1830657 | 1923121 | 1344021 | 579100 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 48726000 | 48726000 | 48726000 | 0 |
| 100 തൊഴിൽ ദിനം പൂർത്തീയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 296000 | 296000 | 296000 | 0 |
| ആകെ | 92464 | 50852657 | 50945121 | 50366021 | 579100 |

## <u>1-6-1 തൊഴിലുറപ്പ് പദ്ധതി-വാർഷിക ധനകാര്യപത്രികയിലെ തുക ഇ.എഫ്.എം.എസ് തുകയുമായി പൊരുത്തപ്പെടുന്നില്ല</u>

വാർഷിക ധനകാര്യപത്രിക [I-6, I-14(A) Sch.] പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ആകെ ചെലവഴിച്ച (ഭരണചെലവുകൾ, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്) തുകയും (50070021) എം.ജി.എൻ.ആർ.ഇ.ജി.എസ് EFMS സ്റ്റേറ്റുമെന്റ് പ്രകാരമുള്ള തുകയും (48683337) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 28-ന് ലഭ്യമാക്കിയ

മറുപടിയിൽ ഭരണനിർവ്വഹണ ചെലവുകൾക്കുള്ള തുക ഇരട്ടിപ്പായി വാർഷിക ധനകാര്യ പത്രികയിൽ വന്നിട്ടുള്ളതിനാലാണ് വ്യത്യാസം ഉണ്ടായതെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (എ.എഫ്.എസ് പ്രകാരം) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 838080 | 352 |
| കർഷക തൊഴിലാളി പെൻഷൻ | 6540000 | 3459 |
| വിധവാപെൻഷൻ | 7267800 | 3103 |
| വാർദ്ധക്യകാല പെൻഷൻ | 13783200 | 7275 |
| വികലാംഗ പെൻഷൻ | 3845400 | 1940 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 270000 | 9 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 355800 | 176 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

സ്ഥാപനത്തിന്റെ 2019-20 ഓഡിറ്റിന്റെ ഭാഗമായി15.3.2021 ൽ ക്യാഷ് പരിശോധന നടത്തി. പരിശോധനയിൽ 11430/-രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 മിനിട്ട്സ് രേഖകൾ കൃത്യമായി തയ്യാറാക്കുന്നില്ല

ജനറൽ കമ്മറ്റി യോഗം ചേരൽ നിയമാനസൃത ഇടവേളകളിൽ നടത്തപ്പെടുന്നുണ്ടെങ്കിലും മിനിട്ട്സ് രേഖകൾ കൃത്യമായി തയ്യാറാക്കുന്നില്ല. 2019-20 വർഷത്തെ ജനറൽ കമ്മറ്റി മിനിട്ട്സ് സകർമയിൽ തയ്യാറാക്കിയത് ഓഡിറ്റ് തീയതി വരെ അന്തിമമാക്കി ക്ലോസ് ചെയ്തിട്ടില്ല. സകർമ സോഫ്റ്റ് വെയറിലല്ലാതെ മിനിട്ട്സിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ഹാർഡ് കോപ്പി) സൂക്ഷിക്കുന്നുമില്ല. ആയതിനാൽ സകർമ മിനിട്ടസ് ആധികാരിക രേഖയായി കണക്കാക്കാൻ നിർവാഹമില്ല.

## 1-9-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

മുന്നൊരുക്കമില്ലാതെ ബജറ്റ് തയ്യാറാക്കിയതു മൂലം ഒന്നിലധികം തവണ ബജറ്റ് റിവൈസ് ചെയ്തതായി കാണുന്നു (ഖണ്ഡിക 1-1 കാണുക).

## 1-9-2 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഗ്രാന്റുകൾ കാര്യക്ഷമമായും പ്രയോജനപ്രദമായും വിനിയോഗിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ് (ഖ:1-4 കാണുക).

## 1-9-3 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

തനതുഫണ്ട് വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഉദാ: വിവിധ പദ്ധതി നടത്തിപ്പിനായി നിക്ഷേപിച്ചിട്ടുള്ളതും പിൻവലിക്കാത്തതുമായി 31-03-2016ൽഅവശേഷിക്കുന്ന ഇ.എം.ഡി/സെക്യൂരിറ്റി ഇനത്തിൽ ഷെഡ്യൂൾ ബി7ലെ 1938952-രൂപ അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിന്റെ തുടർ നടപടിയായി തനതുഫണ്ടിൽ മുതൽ കൂട്ടുന്നതിന് 19-11-19ലെ ജനറൽ കമ്മിറ്റി മിനിട്ട്സ് 11-4ാം നമ്പരായി തീരുമാനിച്ചുവെങ്കിലും ഇതിന്മേൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ചും, EMD/Security രജിസ്റ്റർ പരിശോധനയ്ക്കായി ആവശ്യപ്പെട്ടും നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19(2)) മറുപടി ലഭ്യമാക്കുകയോ രജിസ്റ്റർ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

## 1-9-4 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ മോണിട്ടറിംഗ് നടത്തുന്നില്ല. 17-10-19ലെ ജനറൽ കമ്മിറ്റിയുടെ 1-15ാം നമ്പർ തീരുമാനം പ്രകാരം പാഥേയം പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട

ഗുണഭോക്താക്കളിൽ 19 പേർ മരണപ്പെട്ടതിനാൽ പകരം 19 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായുമുള്ള സി.ഡി.എസ് ചെയർപേഴ്സന്റെ കത്തും ഗുണഭോക്തൃ ലിസ്റ്റും അംഗീകരിച്ചു. 17-10-19ൽ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടവരിൽ 2018ൽ മരണപ്പെട്ടവരുമുണ്ട്. പുതുക്കിയ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ വച്ച് അംഗീകരിച്ചിട്ടില്ല. (വിശദവിവരം ഖ:1-13 ആയി ചേർത്തിരിക്കുന്നു.) ദുരന്ത നിവാരണ കർമ പദ്ധതികളുടെ ആസൂത്രണം, ദുരിതാശ്വാസ നിധി രൂപീകരണം തുടങ്ങിയ നടപടികളൊന്നും ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടില്ല (എൻ.നം.19). ഗ്രാമപഞ്ചായത്തിലെ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സത്വര ശ്രദ്ധ പതിക്കേണ്ടതാണ്.

## 1-10 ഇ-ടെൻഡർ ഫീസിനത്തിൽ ലഭ്യമായ തുക തിരികെ ഈടാക്കിയില്ല

2019-20 വർഷം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റായ തുകകൾ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റ് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് (18% ജി എസ് ടി ഉൾപ്പെടെ |
|---|---|---|---|---|
| 1 | 37/20 | ആറയൂർ ലക്ഷം വീട് കോളനി ചുറ്റുമതിൽ | 1 | 1500 |
| 2 | 50/20 | പേരകത്തല ഓടമെയിന്റനസ് | 4 | 55000 |
| 3 | 37/20 | ആറയൂർ ലക്ഷം വീട് കോളനി ചുറ്റുമതിൽ | 1 | 1500(റീടെണ്ടർ) |
| 4 | 119/20 | അംഗൻവാടികളിൽ ബാലസൗഹൃത പെയിന്റിംഗ് | 4 | 9520 |
| 5 | 81/20 | വാർഡ്-9-ൽ അംഗൻവാടി കെട്ടിടം | 1 | 6590 |
| 6 | 81/20 | വാർഡ്-9-ൽ അംഗൻവാടി കെട്ടിടം | 1 | 6590(റീടെണ്ടർ) |
| 7 | 300/20 | കോലിയോട്ടുകുളം സൈഡ് വാൾ | 1 | 2856 |
| ആകെ | | | | 83556 |

ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിക്കുവാനുള്ള തുകകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി -ഡിമാന്റ് ചെയ്തതിൽ കുറവ്

സഞ്ചയ പ്രകാരം 200 ച.മീ വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം പരിശോധിച്ചതിൽ 200 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾ ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. ഈ ഇനത്തിൽ പഞ്ചായത്തിന് വരുമാന ചോർച്ച സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ.

കെട്ടിട നമ്പർ 3/374 B, 3/374C, 3/374 D എന്നീ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചതിൽ താഴെ പറയും പ്രകാരം അപാകത സംഭവിച്ചിട്ടുണ്ട്.

| കെട്ടിട നമ്പർ | വിസ്തീർണം | വസതു നികുതി നിരക്ക് (ച.മീന്) | | അടിസ്ഥാന നികുതി | അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|
| | | ഈടാക്കേണ്ടത് | ഈടാക്കിയത് | കണക്കാക്കേണ്ടത് | കണക്കാക്കിയത് |
| 3/374 B | 264.6 | 80 | 60 | 15876 | 21168 |
| 3/374 C | 264.6 | 80 | 60 | 15876 | 21168 |
| 3/374D | 275.49 | 80 | 60 | 16529.4 | 22039.2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 38 നുള്ള മറുപടിയായി അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി കണക്കാക്കിയതിൽ കുറവ് സംഭവിക്കുന്നത് തനത് വരുമാനം കുറയുന്നതിന് കാരണമാകും . ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ കാലികമല്ല. തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. 08.11.2018- ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.42/18.03.2021) പഞ്ചായത്തിൽ ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സാംഖ്യ/ മാനുൽ രസീതുകളുടെ ക്യാൻസലേഷൻ

1) രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം വ്യക്തമാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ക്യാൻസൽ ചെയ്ത ചുവടെ ചേർത്തിട്ടുള്ള സാംഖ്യാ രസീതുകളിൽ കാരണം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | വൌച്ചർ നമ്പർ | പേര് | തുക |
|---|---|---|---|
| 1 | 119060100025 | ശാരിക | - |
| 2 | 119060100079 | മുത്തയ്യൻ നാടാർ | 142/- |
| 3 | 119060100084 | ഗോപാല കൃഷ്ണൻ | 73/- |
| 4 | 119060100085 | ഗോപാല കൃഷ്ണൻ | 73/- |
| 5 | 119060100086 | ഗോപാല കൃഷ്ണൻ | 73/- |
| 6 | 119060100120 | ഡി.എസ്.രാജ | - |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.24/16.03.2021) അടിസ്ഥാനത്തിൽ ഓഡിറ്റ് വേളയിൽ ഈ ക്യാൻസൽഡ് രസീതുകൾ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ലഭ്യമാക്കി.

2) ക്യാൻസൽ ചെയ്ത ചുവടെ ചേർത്തിട്ടുള്ള മാനുവൽ രസീതുകളിൽ കാരണം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ബുക്ക് നമ്പർ | രസീത് നമ്പർ/ തീയതി | അപാകത |
|---|---|---|---|
| 1 | 28207 | 63/05.03.2020 | സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | 28207 | 64/05.03.2020 | കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. |
| 3 | 28193 | 71/18.02.2020 | കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.07/10.03.2021) അടിസ്ഥാനത്തിൽ ഓഡിറ്റ് വേളയിൽ ഈ ക്യാൻസൽഡ് രസീതുകൾ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ലഭ്യമാക്കി.

3) സാമ്പത്തിക വർഷം അവസാനിച്ചിട്ടും രസീതു ബുക്കിലെ അവശേഷിച്ച രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഉദാ: ബുക്ക് നം. 28211 രസീത് നം.51-100, 28171 രസീത് നം.5-100. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/10.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലേയും, കെ.ടി.സി യിലേയും നിബന്ധനകൾ പാലിക്കുവാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം 5 പ്രകാരം ഏതൊരു വ്യാപാര സ്ഥാപനവും ആരംഭിക്കുന്നതിന് മുൻപ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കിയിട്ടില്ല (എൻക്വയറി 30) ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 ൽ 294 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കെട്ടിടവിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ള സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 1568 കെട്ടിടങ്ങൾക്ക് വ്യാപാര ആവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുണ്ട്. വാർഡ് തലത്തിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ട്രേഡേഴ്സ് ലിസ്റ്റ്

തയ്യാറാക്കേണ്ടതും എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും ലൈസൻസ് ഉറപ്പാക്കേണ്ടതുമാണ്. ഇതുവഴി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഉയർത്തുന്നതിന് സാധ്യമാകുമെന്നതിനാൽ ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0029/20 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി. പ്രോഗ്രാം |
| അടങ്കൽ | 105000<br>(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 105000 |
| ബിൽ നമ്പർ | 01/6.9.2019 |
| നിർവ്വഹണം | വെറ്റിനറി സർജ്ജൻ |

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. 50 തെരുവ് നായ്ക്കൾക്കാണ് പദ്ധതി പ്രകാരം വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയിട്ടുള്ളത്. പട്ടിപിടിത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്ക് ചെലവാകുന്ന തുക കണ്ടെത്താനാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2100 രൂപ വകയിരുത്തി തുക മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് 105000/-രൂപ കൈമാറി. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. സ.ഉ (സാധാ) നം.3247/2016/തസ്വഭവ തീയതി 30-11-2016 പ്രകാരം പരിശീലനം സിദ്ധിച്ച കുടുംബശ്രീ എ.ബി.സി. മൈക്രോ യൂണിറ്റുകളെയാണ് ഇതിനായി നിയോഗിക്കേണ്ടത്. എന്നാൽ പദ്ധതി നടപ്പിലാക്കാൻ മൈക്രോ യൂണിറ്റുകളെ ചുമതലപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. . ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 22 നുള്ള മറുപടിയായി വിവരങ്ങൾ കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭ്യമാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 പാഥേയം-ഗുണഭോക്തൃ ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

അശരണരായ കിടപ്പ് രോഗികൾ, വാർദ്ധക്യ വിഷമതകളാൽ വീടിന് പുറത്തിറങ്ങാൻ പോലും കഴിയാത്തവർ, പരസഹായം ആവശ്യമുള്ള ഭിന്നശേഷിക്കാർ എന്നിവർക്ക് സൗജന്യമായി പൊതിച്ചോർ വീട്ടിലെത്തിച്ച് നൽകുന്ന പദ്ധതിയാണ് പാഥേയം. പദ്ധതിയുടെ 60ശതമാനം ചെലവ് ജില്ലാ പഞ്ചായത്തും 40ശതമാനം ചെലവ് ഗ്രാമപഞ്ചായത്ത് വിഹിതവും ആയിരിക്കും. അസി.സെക്രട്ടറി നിർവഹണം നടത്തിയ പാഥേയം പദ്ധതിയിലെ ഗുണഭോക്താക്കളായ 107 പേരെ കുടുംബശ്രീ സർവ്വെയിലൂടെ വിവിധ വാർഡുകളിൽ നിന്നും തിരഞ്ഞെടുത്ത് ജില്ലാ മിഷന് അയച്ചുകൊടുത്ത് അംഗീകാരം നേടിയിട്ടുള്ളതും 8-07-2019-ലെ1(1)-ാം നം. തീരുമാനപ്രകാരം ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിക്കുകയോ, 2019-2020 വർഷത്തിൽ ആരെയും ഒഴിവാക്കുകയോ ചെയ്തിട്ടില്ലായെന്ന് 03/2021-നമ്പർ അന്വേഷണ കുറിപ്പിന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ വിവരിക്കുന്ന ഗുണഭോക്താക്കൾ ലിസ്റ്റ് അംഗീകരിച്ച തിയതിയായ 8-7-2019-ന് മുമ്പ് മരണപ്പെട്ടവരാണെനന്ന് കണ്ടെത്തുകയുണ്ടായി.

| ക്രമ നം. | ഗുണഭോക്താവ് | മരണപ്പെട്ട തീയതി |
|---|---|---|
| 1 | രാജമ്മ | 27-12-2018 |
| 2 | യേശുദാസൻ | 21-09-2018 |
| 3 | ശ്രീധരൻ | 19-05-2018 |
| 4 | സരസമ്മ | 24-05-2018 |
| 5 | ചെല്ലയ്യൻ | 17-06-2018 |
| | | |

| | | |
|---|---|---|
| 6 | ജോസഫ് | 25-01-2019 |
| 7 | ജയിനി | 16-02-2019 |
| 8 | ശശി | 04-03-2019 |
| 9 | ജോൺ | 26-03-2018 |
| 10 | വാസുദേവൻ പിള്ള | 31-08-2018 |
| 11 | അപ്പു | 24-02-2018 |
| 12 | ബേബി | 24-11-2018 |
| 13 | പരമേശ്വരൻ ആശാരി | 14-04-2018 |

മേൽ വിവരിച്ച വസ്തുതകളിൽ നിന്നും മരണപ്പെട്ട് പോയവരെ യഥാസമയം ഒഴിവാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയതെന്ന് കണ്ടെത്തി. യഥാസമയം ഗുണഭോക്തൃലിസ്റ്റ് കാലികമാക്കാതെ പദ്ധതി നടപ്പിലാക്കിയാൽ പദ്ധതിയുടെ ലക്ഷ്യം പരാജയപ്പെടാനുള്ള സാഹചര്യം ഉള്ളതിനാൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയും പഞ്ചായത്ത് കമ്മറ്റിയും ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 മിനിമം വേതനം നിഷേധിച്ചു - ഭരണസമിതി നടപടി അനിവാര്യം

അസി.സെക്രട്ടറി നിർവഹണം നടത്തിയ നമ്പർ S0289/20 ബഡ്സ് സ്കൂൾ ടീച്ചർ, ആയ ഓണറേറിയം -എന്ന പദ്ധതി പ്രകാരം തനത്ഫണ്ടിൽ നിന്നും 180000/-രൂപ വകയിരുത്തി 157500/-രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയത്. 7-2-2018-ലെ സ.ഉ.(എം.എസ്.)നം20/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ബഡ്സ് സ്കൂളും ബഡ്സ് പുനരധിവാസകേന്ദ്രവും ആരംഭിക്കേണ്ടതും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പു വരുത്തേണ്ടതുമാണ്. കൂടാതെ ബഡ്സ് സ്കൂളുകളിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:8 എന്ന നിലയിലും ആയ-വിദ്യാർത്ഥി അനുപാതം 1:15 എന്ന രീതിയിലും ക്രമീകരിച്ച്, ആ സ്ഥാപനത്തിൽ കുറഞ്ഞത് 2 നിർദ്ദിഷ്ടയോഗ്യതയുള്ള അധ്യാപകർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതുമാണ്. ബഡ്സ്/ബി.ആർ.സി അധ്യാപകർക്ക് നിശ്ചിത യോഗ്യതയുള്ള പക്ഷം 30675/-രൂപ പ്രതിമാസം അനുവദിക്കാവുന്നതാണ്. കൂടാതെ ആയ വിഭാഗത്തിന് പ്രതിമാസം 17325-രൂപയും അനുവദിക്കാവുന്നതാണ്. ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 2018ജൂൺ1ന് X1X-ാം വാർഡിൽ പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ (501-A) പ്രവർത്തനം തുടങ്ങിയ ബഡ്സ് സ്കൂളിൽ 2019-20 വർഷത്തിൽ 20 വിദ്യാർത്ഥികൾ പഠിച്ചിരുന്നതായും, ഏക അധ്യാപികയ്ക്ക് 'Diploma In Special Education&Mental Retardation' (RCI-അംഗീകാരം ഉള്ളത്) യോഗ്യത ഉള്ളതായും, എന്നാൽ പ്രതിമാസം 9000/-രൂപയും ആയക്ക് 6000/-രൂപയും ശമ്പളമായി പ്രോജക്ടിൽ വകയിരുത്തി നൽകിയതായും അന്വേഷണകുറിപ്പ് 15/2021-ന് നൽകിയ മറുപടിയിൽ വ്യക്തമാക്കി. നിശ്ചിത യോഗ്യതയുള്ള ഏക അധ്യാപികയ്ക്ക് പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 30675/-രൂപ പ്രതിമാസം അനുവദിക്കേണ്ടതിന് പകരം 9000/-രൂപ മാത്രമാണ് പ്രതിമാസം നൽകിയത്. കേരള സംസ്ഥാന ധനകാര്യ വകുപ്പിന്റെ 07-02-2018-ലെ 112/2018 നമ്പർ ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് എന്ന തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് പോലും പ്രതിമാസം മിനിമം 17675-രൂപ (645രൂപ പ്രതിദിനം) നൽകണം എന്ന് നിർദ്ദേശം നിലനിൽക്കുമ്പോഴാണ് യോഗ്യതയുള്ള (Diploma In Special Education & Mental Retardation) അധ്യാപികയ്ക്ക് 9000/-രൂപയും, ആയയ്ക്ക് 6000/-രൂപയും പ്രതിമാസം നൽകി വരുന്നത്. ഇപ്രകാരം മിനിമം വേതനം പോലും നൽകാത്ത നടപടി പുനപരിശോധിച്ച് അധ്യാപകയ്ക്കും ആയയ്ക്കും അർഹതയുള്ള ശമ്പളം നൽകാനുള്ള നടപടി പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-18 ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നിർവഹിച്ച മരാമത്ത് പ്രവൃത്തികളിലെ അപാകങ്ങൾ-അധികമായി നൽകിയ തുക തടസ്സപ്പെടുത്തുന്നു

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സർക്കുലർ നമ്പർ 1/1559/2010/സി.ഇ./ ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ഗുണഭോക്തൃ സമിതികൾ ആകെ ഒരു തവണ മാത്രമേ ചേർന്നിട്ടുള്ളു (ഗുണഭോക്തൃസമിതി രൂപീകരണം, കൺവീനറുടെയും ചെയർമാന്റെയും തെരഞ്ഞെടുപ്പ്) പ്രവൃത്തിയുടെ നിർവഹണം, മോണിട്ടറിംഗ്, വരവ് ചെലവു കണക്കുകൾ അംഗീകരിക്കൽ എന്നിവ ഗുണഭോക്തൃ സമിതി വിലയിരുത്തുകയോ, യോഗം കൂടി തീരുമാനങ്ങൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല.

2.ഗുണഭോക്തൃസമിതി കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങാതെ പകരം കൺവീനറുടെ വ്യക്തിഗത അക്കൗണ്ടിലാണ് ബിൽ തുക അനുവദിച്ചു നൽകിയിട്ടുള്ളത്.

3.കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനം ദിനജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

4.മസ്റ്റർ റോളിൽ തൊഴിലാളികളുടെ പേര് രേഖപ്പെടുത്തിയിട്ടില്ല.

ഉദാ. പ്രോജക്ട് നമ്പർ- 187/20 (സ്പിൽ ഓവർ) 127,128 അംഗൻവാടി മെയിന്റനൻസ്

5.പ്രവൃത്തികൾക്കായി വാങ്ങിയിട്ടുള്ള സാധനങ്ങളുടെ ചെലവ് ബിൽ/വൗചറുകൾ, മസ്റ്റർ റോളുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6.ഗുണഭോക്തൃസമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ, കരാർ ഉടമ്പടി പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും. എന്നാൽ, വിവിധ പ്രവൃത്തികൾക്ക് ഗുണഭോക്തൃസമിതി ലഭ്യമാക്കിയ ചെലവ് വൗച്ചറുകളിലും അധികമായി തുക അനുവദിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | എം ബുക്ക് നം. | ബിൽ നം./ തിയതി | കൺവീനർ | ചെലവ് തുക (എം. ബുക്ക് പ്രകാരം) | വൗച്ചർ/ ബിൽ പ്രകാരം തുക | അധിക മായി നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | 267/20 (സ്പിൽ ഓവർ) | ഗവ.ആശുപത്രി-പകൽവീട് | 243/18-19 | 47/19-20 തീ-22.08.2019 | ഋഷികേശൻ നായർ | 1488261 | 1464978 | 23283 |
| 2 | 262/20(സ്പിൽ ഓവർ) | നമ്പർ 125 അംഗൻവാടി മെയിന്റനൻസ് | 11/19-20 | 58/19-20 തീ-17.12.2019 | ശശികല | 149718 | 103450 | 46268 |
| | | | ആകെ | | | | | 69551 |

പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.45/2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് വൗചറുകളുടെ അഭാവത്തിൽ അധികമായി നൽകിയ തുകയായ 69551/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 പ്രീ പ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയം- പദ്ധതി സർക്കാർ അനുമതിയോടെ മാത്രംനടപ്പാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 319/2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പദ്ധതി അടങ്കൽ | 90000(തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 90000 |
| ബിൽ നമ്പർ/ചെക്ക് നമ്പർ | 288778/13.12.18- 36000/-<br>027804/17.3.2020 -36000/-<br>027399/3.3.202 -18000/- |

30.9.19 ലെ 30.9.19 നമ്പർ തീരുമാന പ്രകാരം അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ പദ്ധതി അംഗീകരിച്ചിട്ടുണ്ട്.( പദ്ധതികളുടെ ഡി.പി.സി അംഗീകാരം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് എൻക്വയറി 31 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായിട്ടില്ല). പ്രീപ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയം നൽകുന്നതിന് സബ്സിഡി മാർഗ്ഗരേഖ (14.2.2018 ലെ സർക്കാർ ഉത്തരവ്(കൈ)നം 22/2018/ത.സ്വ.ഭ.വ) പ്രകാരം അനുമതിയില്ല. ഈ പദ്ധതിക്ക് സർക്കാർ മുൻകൂർ അനുമതി ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി 21 നുള്ള മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ സർക്കാർ അനുമതിയോടെ മാത്രം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും , ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 സർക്കാർ നിർദ്ദേശം പാലിക്കാതെ ഗുണഭോക്തൃസമിതി മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തി

സഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 ഖണ്ഡിക 11.2 (എ) പ്രകാരം 50000/- രൂപയും അതിന് താഴെയും എസ്റ്റിമേറ്റ് തുകയുമുള്ള പ്രവൃത്തികൾ മാത്രം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാവുന്നതാണ്. എന്നാൽ മേൽ നിബന്ധന പാലിക്കാതെ 50,000/- രൂപക്ക് മുകളിൽ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയതായി കാണുന്നു.തൻവർഷം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഏതാനും ചില പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

ഉദാഹരണമായി ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | കൺവീനർ | ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|---|
| 58 | നെട്ടുംകുളം പുല്ലിയോട് ഏലാ ബണ്ട് റോഡ് സൈഡ് വാൾ | അയ്യപ്പൻ നായർ | മെയിന്റനസ് ഫണ്ട് (റോഡ്) | 500000 | 498270 |

| | | | | | |
|---|---|---|---|---|---|
| 191 | കുറുണിക്കുളം ഏലാ കടമ്പറയ്ക്കൽ വഞ്ചിക്കുഴി തോട് സൈഡ് വാൾ(സ്പിൽ ഓവർ) | സത്യശീലൻ.പി | വികസനഫണ്ട് | 1494263 | 1494263 |
| 206 | നൊച്ചിയൂർ കനാൽ ഇറിഗേഷൻ പദ്ധതി(സ്പിൽ ഓവർ) | ശിവപ്രസാദ്.എൻ | വികസനഫണ്ട് | 1400994 | 1400994 |
| 222 | വട്ടവിള താഴെ കയണിയോട് ഏലാ നടപ്പാത (സ്പിൽ ഓവർ) | എം.വിജയൻ | തനത്ഫണ്ട് | 492515 | 492515 |
| 226 | പുല്ലർക്കുളം സൈഡ് വാൾ (സ്പിൽ ഓവർ) | പവിത്രൻ.വി | തനത്ഫണ്ട് | 178654 | 178654 |
| 231 | തോട്ടുത്തുവിള ഓടനിർമ്മാണം(സ്പിൽ ഓവർ) | ബാൽരാജ്.ജെ | വികസനഫണ്ട് | 399940 | 399940 |
| 274 | മേലംമ്മാകം പാടശേഖരത്തിലേക്ക് റോഡ് നിർമ്മാണം (സ്പിൽ ഓവർ) | ഗിൽബർട്ട്.കെ | വികസനഫണ്ട് | 200000 | 187243 |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം-35/2021-ന് ലഭ്യമാക്കിയ മറുപടിയിൽ 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്ന മാർഗരേഖയിൽ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്യുന്നത് സംബന്ധിച്ച് പരാമർശം ഇല്ലെങ്കിലും കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടം-3 പ്രകാരം പ്രസ്തുത പ്രവൃത്തികൾ പാടശേഖരസമിതികൾ മുഖേന ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈകൊണ്ട് നടപ്പിലാക്കിയെന്നാണ് അറിയിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടം-(3-4) ൽ പരാമർശമുണ്ടെങ്കിലും സഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരം പാടശേഖരസമിതികൾക്ക് 50000/- രൂപയിൽ കൂടുതൽ എസ്റ്റിമേറ്റിൽ തയ്യാറാക്കിയ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥയില്ല. ഇത്തരത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഓവർ ഹെഡ് ചാർജ്ജ് കുറവ് വരുത്തിയില്ല അധികമായി നൽകിയ തുക ഈടാക്കണം

ചീഫ് എഞ്ചിനീയറുടെ 29.12.2016 തീയതിയിലെ നം.ഡി.ബി3-6512 (ബി)/2013/സി.ഇ/ ത.സ്വ.ഭ.വ സർക്കുലർ പ്രകാരം MORD/MORTH സ്പെസിഫിക്കേഷൻ ഉപയോഗിച്ച് ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ വർക്ക് ബിൽ തുകയിൽ നിന്നും ഓവർ ഹെഡ് ചാർജ്ജ് 7.5% മാത്രം അനുവദിക്കണമെന്നും അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ്ജ്സ് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളിൽ ബിൽ അനുവദിക്കുമ്പോൾ ആയത് കുറവ് ചെയ്യണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ 10% ഓവർ ഹെഡ് ചാർജ്ജ് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയതായും ഓവർ ഹെഡ് ചാർജ്ജ് കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചതായും കാണുന്നു.

| പ്രോജക്ടിന്റെ പേര്/നം. | അടങ്കൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൺവീനർ | ബിൽ നം./ തീയതി | അനുവദിച്ച തുക (ചെലവ് തുക) | അനുവദി ക്കേണ്ടിയി രുന്ന തുക | അധിക മായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| കുറുണിക്കുളം ഏലാ കടമ്പറയ്ക്കൽ വഞ്ചിക്കുഴി തോട് സൈഡ് വാൾ 191/20 (സ്പിൽഓവർ) | 14944263 (ധനകാര്യ കമ്മീഷൻ അവാർഡ്) | അസ്സിസ്റ്റന്റ് എഞ്ചിനീയർ | സത്യശീലൻ | 10/19-20,21.06.2019 | 1494263 | 1456907 | 37356 |
| മേലംമ്മാകം പാടശേഖര ത്തിലേക്ക് റോഡ് നിർമ്മാണം (കോൺക്രീറ്റ്) | 200000 (വികസനഫണ്ട്) | അസ്സിസ്റ്റന്റ് എഞ്ചിനീയർ | ഗിൽബർട്ട് | 40/19-20 22.08.19 | 187243 | 182562 | 4681 |

| | | | | | | | |
|---|---|---|---|---|---|---|---|
| 274/20 (സ്പിൽഓവർ) | | | | | | | |
| | | | | ആകെ | | 42037 | |

പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-45/2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 42037/- രൂപ കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-22 നിക്ഷേപ പ്രവൃത്തികൾ- അപാകതകൾ

2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹിച്ച നിക്ഷേപ പ്രവൃത്തികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

### 1-22-1 നിക്ഷേപപ്രവർത്തനങ്ങൾ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിക്ഷേപപ്രവർത്തികൾക്കായി കെ.എസ്.ബി.ഇയ്ക്ക് വിവിധ പദ്ധതികൾക്കായി കരാറിൽ ഏർപ്പെടാതെ എസ്റ്റ്മേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം./ അടങ്കൽ | ചെലവ് തുക | ബിൽ നം. | റിമാർക്സ് |
|---|---|---|---|---|
| 1 | So-26/2019-2020 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 450000/- | 188208 | 190205-1150376 552093300767578 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. |
| 2 | So-35/2019-2020 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 500000/- | 354765/- | 190205-1150381 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. |
| 3 | So-34/2019-2020 ലൈൻ എക്സ്റ്റൻഷൻസ്ട്രീറ്റ് 50000/- | 49990/ | 190205-1150381 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |

ഇപ്രകാരം 3 നിക്ഷേപപ്രവർത്തനങ്ങളുടെ പൂർത്തികരണത്തിനായി കെ.എസ്.ബി.ഇയ്ക്ക് തുക നൽകിയതിൽ ആദ്യ 2 പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കി. എന്നാൽ 34/19-20ാം നമ്പർ പ്രവർത്തിയ്ക്ക് 49990/-രൂപ നൽകിയെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ചെന്ന് ഉറപ്പ് വരുത്തി 49990/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-22-2 നിക്ഷേപപ്രവൃത്തികൾ-കരാർ ചമച്ചിട്ടില്ല.

സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. തീയതി 29-01-2018 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖ 11.2ഡി(ii) പ്രകാരം കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവർത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഇത്തരം പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ആവശ്യമില്ല. എന്നാൽ തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ. ആയതിനെ കുറിച്ച് നൽകിയ അന്വേഷണകുറിപ്പ് 10/2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ കെ.എസ്.ഇ.ബിയ്ക്ക് വിവിധ പദ്ധതികൾക്കായി 592963/-രൂപ നൽകിയെങ്കിലും നിർവഹണോദ്യോഗസ്ഥൻ കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചിട്ടില്ല. മുൻകൂർ പ്രവർത്തനങ്ങൾക്ക് തുക നൽകുമ്പോൾ പ്രസ്തുത ഏജൻസിയുമായി കരാറിൽ ഏർപ്പെടാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-23 ഗവൺമെൻറ് ഇ-മാർക്കറ്റ് പ്ലേസ് -രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

വിവിധ സർക്കാർ വകുപ്പുകൾ/പൊതുമേഖല സ്ഥാപനങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിനായി ഡി.ജി.എസ്&ഡി റേറ്റ് കോൺട്രാക്ടിന് പകരമായി കേന്ദ്ര സർക്കാരിന്റെ ഡയറക്ടറേറ്റ് ജനറൽ ഓഫ് സപ്ലൈസ് & ഡിസ്പോസൽസ് ഓൺലൈൻ സമാഹരണ പദ്ധതിയായ GeM നടപ്പിലാക്കിയിട്ടുണ്ട്. സുതാര്യത, കാര്യക്ഷമത, പൊതു സമാഹരണത്തിന്റെ വേഗത എന്നിവ ഉയർത്തുവാൻ GeM ലക്ഷ്യമിടുന്നു. ജനറൽ ഫിനാൽഷ്യൽ റൂൾസ്, 2017-ൽ ചട്ടം149 ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ GeM മുഖേനയുള്ള വാങ്ങലിന് അനുമതി നൽകുകയും ആയത് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ.നം.(എം.എസ്)നം2/2018/എസ്.പി.ഡി. തീയതി 27-03-2018 പ്രകാരം സാധനങ്ങളും

സേവനങ്ങളും GeM മുഖേന സമാഹരിക്കുവാൻ കേരള സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. അതിനായി സ്ഥാപന മേധാവി GeM രജിസ്ട്രേഷൻ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ചെങ്കൽ ഗ്രാമപഞ്ചായത്ത് GeM രജിസ്ട്രേഷൻ നാളിതുവരെ നടത്തിയിട്ടില്ലായെന്ന് 11/2021-ാം നമ്പർ അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ വ്യക്തമാക്കി. 2019-2020 വർഷത്തിൽ വിവിധ പദ്ധതികളിലായി 110344/-രൂപയ്ക്ക് പ്രോജക്ടറും, സി.സി. റ്റി.വി. ക്യാമറകളും ടെണ്ടർ പ്രകാരം വാങ്ങി. സ.ഉ.(പ)നം.7/2019 എസ്.പി.ഡി. പ്രകാരം 26-4-2019 മുതൽ 25000/-രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ഗവൺമെൻറ് ഇ-മാർക്കറ്റ് പ്ലേസ് (GeM) മുഖേന വാങ്ങുന്നതിന് സർക്കാർ നിർദേശം നിലവിൽ ഉണ്ടായിരുന്ന സമയത്താണ് പ്രസ്തുത സാധനങ്ങൾ വാങ്ങിയത്. ഭാവിയിലെ വാങ്ങലുകൾ ഗവൺമെൻറ് ഇ-മാർക്കറ്റ് പ്ലേസ് (GeM) മുഖേന വാങ്ങുന്നതിന് വേണ്ട സത്വര നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

## 1-24 ഐ.സി.ഡി.എസ് - അനിവാര്യപദ്ധതി നടപ്പാക്കിയില്ല

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് അനിവാര്യമായി നടപ്പിലാക്കേണ്ട പദ്ധതിയാണ്. ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പിനായി തനത് ഫണ്ടിൽ നിന്നും 50000/- രൂപ വകയിരുത്തി ഐ.സി.ഡി.എസ് നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ആവിഷ്കരിച്ചുവെങ്കിലും പദ്ധതി നടപ്പിലായിട്ടില്ല. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി4 നുള്ള മറുപടിയായി പ്രോജക്ട് പലതവണ റിവൈസ് ചെയ്തതിനാൽ ഫണ്ടിനായി റിക്വിസിഷൻ നൽകാൻ സാധിച്ചില്ല എന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. പദ്ധതിക്കുള്ള അംഗീകാരം ലഭിച്ചത് 18.3.2020ലാണ്.അംഗീകാരം ലഭിക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ 2019-20 ൽ ശാരീരിക വെല്ലുവികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകാൻ കഴിഞ്ഞില്ല. ഓഡിറ്റ് എൻക്വയറി 29 പ്രകാരം അപാകത സെക്രട്ടറിയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ അനിവാര്യ പദ്ധതികൾ നടപ്പാക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-25 ഹരിത ഭവനം- പദ്ധതി നടത്തിപ്പിലെ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0029/20 |
| പ്രോജക്ടിന്റെ പേര് | ഹരിത ഭവനം |
| അടങ്കൽ | (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 28000 |
| ബിൽ നമ്പർ | 12/23.3.2020 |
| നിർവ്വഹണം | കൃഷി ഓഫീസർ |

ചെങ്കൽ പഞ്ചായത്തിൽ 24 ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനായി ലക്ഷ്യമിട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ ഹരിത ഭവനം പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 28000/-രൂപ ചെലവഴിച്ചിട്ടുണ്ട്. 4 ഗുണഭോക്താക്കൾക്ക് 3700/-രൂപ നിരക്കിൽ പാറശ്ശാല മോഡൽ അഗ്രോ സർവ്വീസ് സെന്ററിന് 13200/-രൂപ നൽകിയെങ്കിലും ബെനിഫിഷ്യറി എൻറോൾമെന്റ് ഫോറം വാങ്ങി സൂക്ഷിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ഖ-6.1) ഹരിത ഭവനം പദ്ധതിക്കായി വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി നടപ്പാക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങളുടെ പട്ടിക നൽകി ഗുണഭോക്താക്കളിൽ നിന്നും അടുത്ത നാലു വർഷത്തേക്ക് പദ്ധതിക്കായി ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതും (ബെനിഫിഷ്യറി എൻറോൾമെന്റ് ഫോറം) അതനുസരിച്ച് ഗുണഭോക്താക്കൾക്ക് സാധ്യമായ സഹായങ്ങൾ നൽകാവുന്നതുമാണ്. പ്രവർത്തനങ്ങൾ നടപ്പാക്കുന്ന മുറയ്ക്ക് തദ്ദേശ സ്ഥാപന തല മിഷൻ ടീം പരിശോധിച്ച് ഉപദേശ നിർദ്ദേശങ്ങൾ നൽകി ചെയ്ത പ്രവർത്തനങ്ങൾക്കനുസൃതമായി സബ്സിഡികൾ നൽകാവുന്നതാണ്. എന്നാൽ പദ്ധതിയോടനുബന്ധിച്ച് ബെനിഫിഷ്യറി എൻറോൾമെന്റ് ഫോറം വാങ്ങിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 33നുള്ള മറുപടിയിൽ ബെനിഫിഷ്യറി എൻറോൾമെന്റ് ഫോറം വാങ്ങി സൂക്ഷിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ഇത്തരത്തിൽ ബെനിഫിഷ്യറി എൻറോൾമെന്റ് ഫോറം വാങ്ങി സൂക്ഷിക്കേണ്ടതും അതനുസരിച്ച് പദ്ധതി നിർവ്വഹിക്കേണ്ടതുമാണ്. തുടർ വർഷങ്ങളിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സർക്കാർ നിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 നടപടികൾ സ്വീകരിക്കാത്ത മുൻ റിപ്പോർട്ട് പരാമർശങ്ങൾ

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 39 ഖണ്ഡികകളിൽ 23 ഖണ്ഡികകൾക്ക് 03.11.2020 തീയതിയിലെ കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1837/2019 നമ്പർ പുനരഭിപ്രായക്കുറിപ്പ് പ്രകാരം തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. നിലനിൽക്കുന്ന 16

പരാമർശങ്ങളുടെ നിലവിലെ സ്ഥിതിയും തുടർ നടപടി വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-25/16.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

25-01-2020ലെ ജനറല് കമ്മിറ്റി 4-1ാം നമ്പർ തീരുമാനം പ്രകാരം 2017-18ലെ ശേഷിച്ച ഖണ്ഡികകള്ക്ക് തുടർ നടപടികള്ക്ക് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും തുടർ നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ലായെന്ന് പരിശോധനയില് ബോധ്യപ്പെട്ടു. ആസ്ഥി രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ മുതലായവ കാലികമാക്കിയിട്ടില്ല. ഇ.എം.ഡി/സെക്യൂരിറ്റി രജിസ്റ്റർ പരിപാലിക്കുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. ) മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ഓവർ ഹെഡ് ചാർജ്ജ് കുറവ് വരുത്തിയില്ല അധികമായി നൽകിയ തുക ഈടാക്കണം

ചീഫ് എഞ്ചിനീയറുടെ 29.12.2016 തീയതിയിലെ നം.ഡി.ബി3-6512 (ബി)/2013/സി.ഇ/ ത.സ്വ.ഭ.വ സർക്കുലർ പ്രകാരം MORD/MORTH സ്പെസിഫിക്കേഷൻ ഉപയോഗിച്ച് ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ വർക്ക് ബിൽ തുകയിൽ നിന്നും ഓവർ ഹെഡ് ചാർജ്ജ് 7.5% മാത്രം അനുവദിക്കണമെന്നും അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ്ജ്സ് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളിൽ ബിൽ അനുവദിക്കുമ്പോൾ ആയത് കുറവ് ചെയ്യണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ 10% ഓവർ ഹെഡ് ചാർജ്ജ് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയതായും ഓവർ ഹെഡ് ചാർജ്ജ് കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചതായും കാണുന്നു.

| പ്രോജക്ടിന്റെ പേര്/നം. | അടങ്കൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൺവീനർ | ബിൽ നം./ തീയതി | അനുവദിച്ച തുക (ചെലവ് തുക) | അനുവദി ക്കേണ്ടിയിരുന്ന തുക | അധിക മായി അനുവ ദിച്ച തുക |
|---|---|---|---|---|---|---|---|
| കുറുണിക്കുളം ഏലാ കടമ്പറയ്ക്കൽ വഞ്ചിക്കുഴി തോട് സൈഡ് വാൾ 191/20 (സ്പിൽഓവർ) | 14944263 (ധനകാര്യ കമ്മീഷൻ അവാർഡ്) | അസ്സിസ്റ്റന്റ് എഞ്ചിനീയർ | സത്യശീലൻ | 10/19-20,21.06.2019 | 1494263 | 1456907 | 37356 |
| മേലംമ്മാകം പാടശേഖര ത്തിലേക്ക് റോഡ് നിർമ്മാണം (കോൺക്രീറ്റ്) 274/20 (സ്പിൽഓവർ) | 200000 (വികസനഫണ്ട്) | അസ്സിസ്റ്റന്റ് എഞ്ചിനീയർ | ഗിൽബർട്ട് | 40/19-20 22.08.19 | 187243 | 182562 | 4681 |
| | | | | ആകെ | | 42037 | |

പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.45/2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 42037/- രൂപ കൺവീനർമാരിൽ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 356250 | സ്നേഹ സ്പർശം | 356250 | - |
| | 2019-20 | 3071250 | ലൈഫ് ഭവന പദ്ധതി | 3071250 | - |
| | 2019-20 | 330000 | സമഗ്ര നെൽകൃഷി വികസനം | 330000 | - |
| | 2019-20 | 710000 | ക്ഷീര സമൃദ്ധി (ജനറൽ വനിത) | 710000 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 356250* | സ്നേഹ സ്പർശം | 356250 | - |
| | 2019-20 | 3263109** | ലൈഫ് ഭവന പദ്ധതി | 3263109 | - |
| | 2019-20 | 33932 | സമഗ്ര നെൽകൃഷി വികസനം | 33932 | - |
| | 2019-20 | 169070 | ക്ഷീര സമൃദ്ധി (ജനറൽ- വനിത) | 169070 | - |
| | 2019-20 | 157042 | ക്ഷീര സമൃദ്ധി (ജനറൽ ) | 157042 | |

*,**ജില്ലാ പഞ്ചായത്ത് വിഹിതമായി വന്നിട്ടുള്ള വരവ് എ.എഫ്.എസ്സിൽ ഉൾപ്പെട്ടിട്ടില്ല.

(ട്രഷറി ബിൽ പ്രകാരം പ്രസ്തുത തുകകൾ ചെലവഴിച്ചിട്ടുണ്ട്)

കറിപ്പ്: ലൈഫ് ഭവന പദ്ധതി (എസ്.സി ) സ്പിൽ ഓവർ പദ്ധതിക്കായി 2019-20 ൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 452561/- രൂപയും ജില്ലാ വിഹിതം 1507439/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി മുൻ വർഷം ലഭിച്ച തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ ആവശ്യത്തിലേക്കായി ബ്ലോക്ക്/ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളുടെ 2018-19 ലെ ബാദ്ധ്യത തുക 2019-20 ലും സമാനമായി നിലനിൽക്കുന്നു.

## 4-2 നിക്ഷേപ പ്രവൃത്തികളുടെ വിവരം

| തുക നൽകിയ സ്ഥാപനം | പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 35/20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 354765 | 354765 | |
| | 26/2019-20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 4,8,9,16,19,20 | 188208 | 188208 | ലഭിച്ചിട്ടുണ്ട് |
| | 34/2019-20 ഇറപ്പക്കാണി കിണറു വെട്ടിവിള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ട്രീറ്റ് ലൈൻ വലിക്കൽ | 49990 | വിവരം ലഭിച്ചിട്ടില്ല | ലഭിച്ചിട്ടില്ല (ഖണ്ഡിക1-29 കാണുക) |

കുറിപ്പ്-- ബാലൻസ് ഷീറ്റിലെ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന നിക്ഷേപ പ്രവൃത്തികളുടെ മൂല്യം മേൽ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ -വായ്പ തിരിച്ചടവ് വിവരങ്ങൾ

| | 2019-20 വർഷാരംഭം അടയ്ക്കാനുള്ള തുക | 2019-20 ൽ എടുത്ത വായ്പ | ആകെ | 2019-20 ൽ അടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഇ.എം.എസ് | 1331641 | 0 | 1331641 | 1331641 | 0 |
| ഹഡ്കോ വായ്പ | 35955316 | 36200000 | 72155316 | 5397059 | 66758257 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമാക്കിയില്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമാക്കിയില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 32994903 |
| വരവ് | 147815968 |
| ആകെ | 180810871 |
| ചെലവ് | 177789370 |
| നീക്കിയിരിപ്പ് | 3021501 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 42037 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 69551 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 3-1 | - | 42037 | ശ്രീ.സുനിൽ, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 69551 | ശ്രീ.സുനിൽ, അസി. എഞ്ചിനീയർ |

(സി) കേന്ദ്ര- സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരമേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ )ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുനിൽ, അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ,ചെങ്കൽ ഗ്രാമപഞ്ചായത്ത് | ചോതി പൊറ്റയിൽ മലയിൻകീഴ് പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1247/18തി.08.06.18 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1247/18തി.08.06.18 | 10 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1247/18തി.08.06.18 | 1 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി/1/1631/08തി.15-11-10 | 15 |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി/1/1641/08തി.23-7-09 | 6 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി/1/1251/09തി.22-3-10 | 12 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി/1/545/11തി.9-5-2012 | 14 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി/1/546/11തി.13-06-12 | 12 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി/1/331/11തി.05-04-13 | 10 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി/1/970/13തി.12-11-13 | 9 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1820/13തി.12-3-14 | 9 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1145/2014 തിയതി-15-10-2014 | 12 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/686/15, തി. 11-09-2015 | 26 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1374/2016, തി. 01-08-2016 | 23 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/2132/2016, തി. 11-12-2016 | 18 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1877/2017, തി. 19.9.2017 | 24 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/2227/2018, തി. 10-12-2018 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1837/19, തീ: 21.11.20 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്